**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1644** **31-08-2022 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിലെ കൃഷിഭവൻ കെട്ടിട നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ കൃഷിഭവൻ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കൃഷിഭവനുകൾ നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. ഇതിനായി കൃഷി വകുപ്പ് പ്രത്യേക ഫണ്ട് ബഡ്ജറ്റിൽ വകയിരുത്താറില്ല. എന്നാൽ സംസ്ഥാനത്തെ 140 കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളായി ആദ്യഘട്ടത്തിൽ ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കോട്ടക്കൽ നിയോജക മണ്ഡലത്തിൽ നിന്നും ഇരിമ്പിളിയം കൃഷിഭവനെ ജില്ലയിൽ നിന്നും ശിപാർശ ചെയ്തിട്ടുണ്ട്. |
| (ബി) | കോട്ടക്കൽ മണ്ഡലത്തിലെ വളരെ പഴക്കമുള്ളതും ശോചനീയാവസ്ഥയിലുള്ളതുമായ കൃഷിഭവനുകളുടെ കെട്ടിടങ്ങൾ പുതുക്കി പണിയുന്നതിന് ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തിയോ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയോ മതിയായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | RIDF Tranche-28 പ്രകാരം സ്മാർട്ട് കൃഷി ഭവൻ ആക്കുന്നതിനായി ശിപാർശ ചെയ്ത കൃഷി ഭവനുകളുടെ പട്ടികയിൽ ഇരിമ്പിളിയം കൃഷിഭവൻ ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ